പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*100

06/02/2020-ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി

**ചോദ്യം**

**ശ്രീ കെ. എസ്. ശബരീനാഥൻ**

**ശ്രീ ഷാഫി പറമ്പിൽ**

**ശ്രീ റോജി എം. ജോൺ**

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ സുരക്ഷിതമായ ക്ലാസ്സ് മുറികൾ, ശുചിമുറി സൗകര്യം ആരോഗ്യകരമായ പഠന സാഹചര്യം എന്നിവ ഒരുക്കിക്കൊടുക്കുന്നതിന് സർക്കാരിന് സാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ നിലവാരത്തെക്കുറിച്ചും ഭൗതിക സൗകര്യങ്ങളെക്കുറിച്ചും സ്കൂളുകളുടെ ശോച്യാവസ്ഥ പരിഗണിച്ചും കേരള ഹൈക്കോടതി സ്വമേധയാ കേസ് എടുക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉൾപ്പെടെ സർക്കാർ സ്കൂളുകളിലെ കുറവുകൾ പരിഹരിക്കുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി**

**പ്രൊഫ.സി.രവീന്ദ്രനാഥ്**

**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും

സംസ്ഥാനത്തെ സ്കൂളുകളിൽ സുരക്ഷിതമായ ക്ലാസ്സ് മുറികൾ, ശുചിമുറി സൗകര്യം ആരോഗ്യകരമായ പഠന സാഹചര്യം എന്നിവ ഒരുക്കിക്കൊടുക്കുന്നതിന് സർക്കാരിന് സാധിക്കുന്നുണ്ട്. വിവിധ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം ശുചിമുറികളുടെ അറ്റകുറ്റപണികൾക്കായി സംസ്ഥാനത്തെ 1506 സ്കൂളുകൾക്ക് 1978.25 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 10 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി

നൽകിയിട്ടുണ്ട്. 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എയ്ഡഡ് വിദ്യാലയങ്ങൾക്കായി 'ചലഞ്ച് ഫണ്ട്' ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും, എം.എൽ.എ ഫണ്ട്, എം.പി ഫണ്ട്, പി.ടി.എ ഫണ്ട്, പൂർവ്വ വിദ്യാർത്ഥികൾ സമാഹരിക്കുന്ന ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചും എസ്.എസ്.കെ, നബാർഡ്, സി.എസ്.ആർ ഫണ്ട് എന്നിവ വഴിയും സ്കൂളുകളിലെ ഭൗതികസാഹചര്യ വികസനം നടന്നു വരുന്നു.

വയനാട് സുൽത്താൻ ബത്തേരി സർവ്വജന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ 5-ാം ക്ലാസ്സ് വിദ്യാർത്ഥിനി പാമ്പ് കടിയേറ്റ് മരിക്കാൻ ഇടയായ സാഹചര്യവുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതി സ്വമേധയാ കേസെടുത്തിട്ടുണ്ട്. ആയതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സുരക്ഷിതമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായുള്ള എല്ലാ നടപടികളും സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

Nanitha.T

**സെക്ഷൻ ഓഫീസർ**